14/02/2026

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. K S **Editor:** Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/02/2026

1. തിരുവനന്തപുരം ആനയറ കാർഷിക മൊത്ത വ്യാപാര വിപണി കോമ്പൗണ്ടിൽ 2026 വൈഗയോടനുബന്ധിച്ച് വൈഗ 2026 കാർഷിക മേളയുടെ ഭാഗമായി ഇന്ന് (ഫെബ്രുവരി 14) വിവിധ വേദികളിലായി സെമിനാറുകൾ സംഘടിപ്പിക്കുന്നു. കൃഷിയിലൂടെ ആരോഗ്യം – പോഷണവും പുതിയ ഉൽപ്പന്നങ്ങളും, വിശിഷ്ട കൂൺ ഇനങ്ങളും മൂല്യ വർദ്ധനവും എന്നീ വിഷയങ്ങളിലാണ് ഇന്ന് വിദഗ്ധർ ക്ലാസുകൾ നയിക്കും. മൂല്യവർധിത കാർഷിക ഉൽപ്പന്നങ്ങൾ, ഉല്പാദനോപാധികൾ, നടീൽ വസ്തുക്കൾ എന്നിവ കേന്ദ്രീകരിച്ച് 250-ലധികം സ്റ്റാളുകൾ ഉൾപ്പെടുത്തിയ വിപുലമായ കാർഷിക പ്രദർശനമാണ് മേളയുടെ പ്രധാന ആകർഷണം. കൃഷിക്കൂട്ടങ്ങൾ, കാർഷികോദ്പാദന സംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ, പൊതു മേഖല, സർക്കാരിതര, അർദ്ധ സർക്കാർ, സർക്കാർ, സംരംഭകർ തുടങ്ങിയവരുടെ കാർഷിക നേട്ടങ്ങൾ പ്രതിപാദിക്കുന്ന കാർഷിക പ്രദർശനവും ഇതിൽ ഉൾപ്പെടുന്നു. ഗുജറാത്ത്, കർണ്ണാടക, സിക്കിം തുടങ്ങിയ സംസ്ഥാനങ്ങളുടെയും, കാർഷിക സർവ്വകലാശാല,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നബാർഡ്, കേന്ദ്ര ഗവേഷണ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെയും കാർഷിക പ്രദർശനങ്ങളും ഇതിൽ ഉൾപ്പെടും. പ്രദർശന നഗരിയോടനുബന്ധിച്ച് വിവിധ വിഭവങ്ങൾ ഉൾപ്പെടുത്തിയുള്ള ഭക്ഷണ ശാലയും, വ്യത്യസ്തങ്ങളായ കലാസന്ധ്യകളും ഒരുക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്കും കർഷകർക്കും ഫെബ്രുവരി 16 വരെ പ്രദർശനം സന്ദർശിക്കാം. വൈകുന്നേരം ആനയറ വേൾഡ് മാർക്കറ്റ് പ്രധാന വേദിയിൽ (Dance Dhamakka – Footloosers Dance Company) രാജേഷ് ചേർത്തലയും സംഘവും അവതരിപ്പിക്കുന്ന ഓടക്കുഴലിലെ വിസ്മയം എന്ന തൽസമയ സംഗീത പരിപാടിയും അരങ്ങേറും.

2. കേരളത്തിലെ എല്ലാ കർഷകരും സ്വന്തം കൃഷിയിടത്തിൽ സൂക്ഷ്മജലസേചനം/മൈക്രോ ഇറിഗേഷൻ സംവിധാനം സ്ഥാപിക്കുന്നതിന് ലഭിക്കുന്ന സാമ്പത്തിക സഹായത്തിന് (സബ്സിഡി) ഓൺലൈനിൽ അപേക്ഷിക്കാം. കർഷകർ സ്വന്തമായോ, അക്ഷയകേന്ദ്രങ്ങൾ വഴിയോ https://pdmc.da.gov.in/KeralaMIS എന്ന വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത് അപേക്ഷ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സമർപ്പിക്കാവുന്നതാണ്. അപേക്ഷ പരിഗണിക്കപ്പെടുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതരത്തിലാണ് പോർട്ടൽ സജ്ജീകരിച്ചിരിക്കുന്നത്. അപേക്ഷയ്ക്കായി ആധാർ കാർഡ്, ഭൂഉടമസ്ഥത തെളിയിക്കുന്ന രേഖകൾ, ബാങ്ക് വിവരങ്ങൾ എന്നിവയാണ് ആവശ്യമായരേഖകൾ. ഈ വർഷം ഓൺലൈനിനൊപ്പം കൃഷി എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുള്ള നിശ്ചിത ഫോർമാറ്റിൽ ഓഫ് ലൈൻ അപേക്ഷകളും സ്വീകരിക്കുന്നതാണ്.

3. ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉത്പാദനം, വിതരണം എന്നിവ ഉറപ്പാക്കുന്നതിന് മികച്ചതും ശാസ്ത്രീയവുമായ നഴ്സറി സമ്പ്രദായങ്ങൾ അനുവർത്തിച്ച് നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്ന റബ്ബർ നഴ്സറികൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ റബ്ബർബോർഡ് ഈ വർഷവും തുടരുന്നതാണ്. വിവിധ പദ്ധതികൾ മുഖേന റബ്ബർകൃഷിക്ക് നൽകുന്ന ധനസഹായങ്ങൾക്ക് അപേക്ഷിക്കുന്ന കർഷകർ അപേക്ഷയോടൊപ്പം അംഗീകൃത റബ്ബർനഴ്സറിയിൽ നിന്ന് തൈകൾ വാങ്ങിയതിന്റെ അസ്സൽ ബില്ലുകൾ കൂടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സമർപ്പിക്കേണ്ടതുണ്ട്. 2026 വർഷത്തേക്കുള്ള നടീൽവസ്തുക്കൾ ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്ന റബ്ബർനഴ്സറികൾക്ക് റബ്ബർബോർഡിന്റെ അംഗീകാരം നേടുന്നതിനായി നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകൾ ഇപ്പോൾ സമർപ്പിക്കാവുന്നതാണ്. അപേക്ഷാഫോറവും മറ്റ് വിശദവിവരങ്ങളും റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളിലും റബ്ബർബോർഡ് വെബ്സൈറ്റിലും (www.rubberboard.gov.in) ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ 2026ഫെബ്രുവരി 25 –ാം തീയതിക്കകം അനുബന്ധ രേഖകൾ സഹിതം ബന്ധപ്പെട്ട റീജിയണൽ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടുക. ഫോൺ – 0481 2576622.

## പരിശീലന പരിപാടി

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴഗവേഷണ കേന്ദ്രത്തിൽ വെച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിൽ ഏകദിന പരിശീലനം നൽകുന്നു. 2026 ഫെബ്രുവരി 16–

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ാാം **തീയതി രാവിലെ 10:30-നാണ്** പരിശീലനം ആരംഭിക്കുന്നത്. ഉത്പന്ന നിർമ്മാണത്തിൽ താല്പര്യമുള്ളവർക്കും സംരംഭകർക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. **രജിസ്ട്രേഷൻ ഫീസ്:** 590 രൂപ. കൂടുതൽ വിവരങ്ങൾക്കും മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്നതിനും 9995418772 **എന്ന ഫോൺ** നമ്പറിൽ ബന്ധപ്പെടുക.

5. തൊഴിൽരഹിതരായ യുവതി യുവാക്കൾക്കായി കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ വെച്ച് വിവിധ കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനവും അറ്റകുറ്റപ്പണികളും എന്ന വിഷയത്തിൽ 10 ദിവസത്തെ പ്രവർത്തിപരിചയ പരിശീലന പരിപാടി മാർച്ച് മാസം ആദ്യവാരം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 9446370726 എന്ന മൊബൈൽ നമ്പറിൽ വിളിച്ച് ഫെബ്രുവരി 20 നുള്ളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം